WEDNESDAY 17-11-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -17/11/2021

1. തിരുവനന്തപുരം ശ്രീകാര്യത്ത് പ്രവർത്തിക്കുന്ന കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (17.11.2021-ന്) **കിഴങ്ങുവിളകളുടെ ദിനം (Tuber Crops Day)** ആചരിയ്ക്കുന്നു. ഇതിന്റെ ഭാഗമായി ഇന്ന് രാവിലെ 11.30-ന് കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന പരിപാടികളുടെ ഉദ്ഘാടനം പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ് നിർവഹിക്കും.

2. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ ഈ മാസം 19 (19/11/2021) വരെ പച്ചക്കറികൾ പൊതു വിപണിയേക്കാൾ 25% വരെ വിലക്കുറവിൽ ലഭ്യമാകും. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ വേങ്ങേരി, ചേവരമ്പലം, കക്കോടി, എലത്തൂർ അത്തോളി, പൂക്കാട്, കൊയിലാണ്ടി, തോടന്നൂർ, വില്യാപ്പള്ളി, ആയഞ്ചേരി, ഓർക്കാട്ടേരി, തണ്ണീർപന്തൽ, മൊകേരി സ്റ്റാളുകളിൽ ഈ ആനുകൂല്യം ലഭ്യമാകുന്നതാണെന്ന് ഹോർട്ടികോർപ്പ് ജില്ലാ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8075204894, 8714144834** എന്നീ കസ്റ്റമർ കെയർ നമ്പറുമായി ബന്ധപ്പെടുക.

3. കേരളസർക്കാരിന്റെ റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ സംശയങ്ങൾക്ക് ഇന്ന് (നവംബർ 17) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഫോണിലൂടെ മറുപടി നൽകുന്നതാണ്. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

4. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/സംഘടനയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്റ്റേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം **ഡിസംബർ മാസം 10-ാം** തീയതിയ്ക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്ന് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷാ

ഫോറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിയ്ക്കുന്നു

5. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ പച്ചക്കറികളായ കാബേജ്, കോളിഫ്ളവർ എന്നിവയുടെ തൈകളും പയർ (ഭാഗ്യലക്ഷ്മി, കാശീകാഞ്ചൻ, അനശ്വര, വൈജയന്തി), വഴുതന (സൂര്യ), വെള്ളരി (സൗഭാഗ്യ), ശീമപ്പയർ, ചീര (CO-1), ചുരയ്ക്ക (അർക്ക ബഹാർ) എന്നീ ഇനങ്ങളുടെ നാടൻ വിത്തുകളും സാലഡ് കുക്കുമ്പർ (KPCH-1), പീച്ചിങ്ങ (KRH-1) തണ്ണിമത്തൻ (സ്വർണ്ണ, ശോണിമ, ഷുഗർബേബി) എന്നീ ഹൈബ്രിഡ് ഇനങ്ങളുടെ വിത്തുകളും വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

**പരിശീലന പരിപാടികൾ**

6. കോഴിക്കോട് ജില്ലയിൽ 2021-22 ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി **ചെറുകിട വളം, കീടനാശിനി ഡിലർമാർക്ക്** ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തിക്കോടി , വടകര, പേരാമ്പ്ര, തോടന്നൂർ, തൂണേരി, കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് ഈ മാസം **29-ന്** (29/11/2021) രാവിലെ 10.30 നും, കോഴിക്കോട്, കാക്കൂർ, കുന്നമംഗലം, കൊടുവള്ളി, കൊയിലാണ്ടി, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് അന്നേ ദിവസം 2 മണിക്കും നഗര കാർഷിക മൊത്ത വിപണന കേന്ദ്രം, വേങ്ങേരിയിലെ വീഡിയോ കോൺഫറൻസ് ഹാളിൽ വച്ച് പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ എല്ലാ ഡീലർമാരും പങ്കെടുക്കണമെന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

7. ഓച്ചിറ **ക്ഷീരോത്പന്ന** നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നാളെ (18.11.2021) രാവിലെ 11 മണി മുതൽ **തീറ്റപ്പുൽ സംസ്കരണം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **8075028868** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് നവംബർ, ഡിസംബർ മാസങ്ങളിലായി **ബ്രോയിലർ കോഴിവളർത്തൽ, കാട വളർത്തൽ, തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തോടൊപ്പം ഫാം സന്ദർശിച്ചുള്ള പ്രായോഗിക പരിശീലനവും നൽകുന്നതാണ്. കർഷകർ അവർക്ക് താൽപ്പര്യമുള്ള വിഷയത്തിൽ എത്രയും വേഗം രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0494-2962296, 80892937278** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **"പശു വളർത്തൽ"** എന്ന വിഷയത്തിൽ ഈ മാസം 19-ന് (19/11/2021) രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടു വരേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരമാവധി 30 പേർക്കായിരിക്കും പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ **0491-2815454** എന്ന നമ്പറിലേക്ക് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്

10. തിരുവനന്തപുരം ജില്ലയിലെ കർഷകർക്ക് **വാണിജ്യാടിസ്ഥാനത്തിൽ ഉള്ള ആട് വളർത്തലിൽ** പരിശീലനം നൽകുന്നു. താൽപര്യമുള്ള കർഷകർ അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയിൽ ഈ മാസം **20-ന്** (നവംബർ 20) മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിയ്ക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന 80 കർഷകർക്ക് പരിശീലനം നൽകുന്നതായിരിക്കും.

11. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (നവംബർ 17) രാവിലെ 11 മണി മുതൽ **ക്ഷീരമേഖലയിലെ നൂതനപ്രവണതകളും സംരംഭകത്വ സാധ്യതകളും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

12. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20-ന് രാവിലെ 10.30 മുതൽ **ആദായകരമായ ക്ഷിരോൽപാദനത്തിൽ**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഈ മാസം 19-നകം വാട്ട്സാപ്പ് നമ്പരിൽ നിന്നും **8078599881, 9400831831** എന്നീ ഫോൺ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം